"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പദ്ധതിയ്ക്ക് വിട്ടു നൽകിയ സ്ഥലം തിരികെ ശ്രീമതി. ഏരാറ്റിൽ മാധവിക്ക് വിട്ടുനൽകുന്നതിന് കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.196/2022/LSGD തീയതി,തിരുവനന്തപുരം, 23-08-2022

---

പരാമർശം:-

1. കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 09/09/2021 ലെ 07/169/21 നമ്പർ തീരുമാനം.
2. പഞ്ചായത്ത് ഡയറക്ടറുടെ 27/06/2022 ലെ PAN/2523/2022-c5(DP) നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ പുൽപറമ്പിൽ മിത്തൽ കുടിവെള്ള പദ്ധതിയ്ക്ക് വേണ്ടി ശ്രീമതി. ഏരാറ്റിൽ മാധവി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേയ്ക്ക് സൗജന്യമായി ०.4047 ആർ സ്ഥലം (റീസർവ്വേ നമ്പർ 40/ 1 A 2) വിട്ടു നൽകിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥലത്ത് കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിന് അനുയോജ്യമല്ലായെന്ന് കുന്ദമംഗലം ബ്ലോക്ക് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി ഭൂമി ഉടമസ്ഥന് തിരിച്ചു നൽകുന്നതിന് ഗ്രാമപഞ്ചായത്ത് പരാമർശം(1) പ്രകാരം തീരുമാനമെടുത്തു.

മേൽ സാഹചര്യത്തിൽ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന് കുടിവെള്ള പദ്ധതിക്കായി ശ്രീമതി ഏരാറ്റിൽ മാധവി സൗജന്യമായി വിട്ടുനൽകിയ ഭൂമി ഉടമസ്ഥന് തിരികെ നൽകുന്നതിന് പരാമർശം(2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ പുൽപറമ്പിൽ മിത്തൽകുടിവെള്ള പദ്ധതിയ്ക്ക് വേണ്ടി ശ്രീമതി. ഏരാറ്റിൽ മാധവി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേയ്ക്ക് സൗജന്യമായി കൊടുത്ത ०.4047 ആർ സ്ഥലം തിരികെ ഭൂഉടമയ്ക്ക് വിട്ടുനൽകുന്നതിന് കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRIYA V K

അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

ഉ.(കൈ) നം.196/2022/LSGD

Signed by Pradeesh M
Date: 23-08-2022 16:52:49

സെക്ഷൻ ഓഫീസർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(Fileno.RC1/154/2022/LSGD.